### ഖുർആൻ പഠനം-6 ● അബ്ദുല്ല മൻഹാം

# നാമങ്ങളോട് സർവനാമം ചേർക്കുന്ന വിധം

നാമങ്ങളുടെ തുടർച്ചയാണ് ഈ പാഠവും. ആദ്യം നമുക്ക് അല്ലാഹുവിന്റെ നാമങ്ങളിലൊന്നായ റബ്ബ് (رَبّ) എന്ന പദമെടുക്കാം. ഖുർആൻ ആയിരത്തോളം തവണ ആവർത്തിച്ചിട്ടുണ്ട് ഈ നാമം. റബ്ബ് (رَبٌّ) ബഹുവചനം അർബാബ് (أَرْبَاب) അർഥം: ഉടമസ്ഥൻ, രക്ഷാകർത്താവ്, പരിപാലകൻ, ഭരണാധിപൻ, വിധികർത്താവ്, യജമാനൻ. ഉദാഹരണത്തിന് അത്തൗബയിലെ അവസാനത്തെ ആയത്ത് നോക്കുക:

حَسْبِيَ ٱللَّهُ لَآ إِلَٰهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ ٱلْعَرْشِ ٱلْعَظِيمِ ﴿١٢٩﴾ (എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ഇലാഹുമില്ല. അവനെയാണ് ഞാൻ ഭരമേൽപ്പിക്കുന്നത്/ആശ്രയിക്കുന്നത്. അവനത്രെ മഹത്തായ സിംഹാസനത്തിന്റെ നാഥൻ- 9:129).

ഏറെ സുപരിചിതമായ മറ്റൊരു ഉദാഹരണം അൽഫാതിഹയുടെ രണ്ടാം സൂക്തമാണ്.

ٱلْحَمْدُ لِلَّهِ رَبِّ ٱلْعَٰلَمِينَ ﴿٢﴾ (സർവസ്തുതിയും അല്ലാഹുവിന്നാണ്; അവൻ സർവലോക പരിപാലകനാകുന്നു - 1:2).

ഈ രണ്ട് ആയത്തുകളിലും വന്ന (رب) എന്ന നാമത്തിന്റെ അവസാനത്തെ അക്ഷരമായ (ب) യുടെ ഉച്ചാരണത്തിൽ വ്യത്യാസം വന്നത് ശ്രദ്ധിക്കുക. ആദ്യത്തേതിൽ ഉകാരമാണ്. അതിന് ളമ്മ: (ضَمَّة) എന്നുപറയും. ضمة നെ സൂചിപ്പിക്കുന്ന അടയാളം അഥവാ ഹറകത്ത് (حَرَكَة) ബ്രാക്കറ്റിൽ കാണിച്ചത് ശ്രദ്ധിച്ചു മനസ്സിലാക്കുക (بُ) ചെറിയ (و) പോലെ. രണ്ടാമത്തെ ആയത്തിലാവട്ടെ (رَبِ) ഇകാരമാണ്. ഇതിന് കസ്റഃ كَسْرَة എന്നുപറയും. അടയാളം അക്ഷരത്തിന്റെ അടിയിലാണ് ഇടുക. (ب) നാമത്തിന്റെ അവസാനം അകാരവുമാകാം. ഉദാഹരണം: رَبٌّ

إِنِّيٓ أَخَافُ ٱللَّهَ رَبَّ ٱلْعَٰلَمِينَ ﴿١٦﴾ (തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു- 59:16). അകാരത്തിന് ഫത്ഹഃ (فَتْحَة) എന്നുപറയുന്നു. അക്ഷരത്തിന്റെ മുകളിലാണ് ളമ്മും ഫത്ഹും ഇടുന്നത്. കസ്റാകട്ടെ അക്ഷരത്തിന്റെ ചുവടെയും. ഈ മാറ്റത്തിന്റെ കാരണക്കാർ ആരെന്നും എപ്പോഴൊക്കെയെന്നതും നമുക്ക് പിന്നീട് മനസ്സിലാക്കാം. വ്യാകരണ നിയമങ്ങളിൽ പെട്ടതാണ് എന്നുമാത്രം ഇപ്പോൾ പറയാം. നാമങ്ങളുടെ അന്ത്യാക്ഷരത്തിലെ മാറ്റം പൊതുവെ എല്ലാ നാമങ്ങളിലും കാണാം. ചില അപവാദങ്ങൾ ഉണ്ടെന്ന് മാത്രം.

ഇത്രയും മനസ്സിലാക്കിയാൽ, അടുത്തതായി നാമങ്ങളും സർവനാമങ്ങളായി നാം ആദ്യ പാഠത്തിൽ പഠിച്ച ആറ് ضمِير കളും ചേർത്ത് പഠിക്കാം.

അവന്റെ റബ്ബ് رَبٌّ + هُوَ = رَبُّهُ

അവരുടെ റബ്ബ് رَبٌّ + هُمْ = رَبُّهُمْ

ആദ്യത്തേതിൽ هُوَ എന്ന ضمِير ചേർന്നപ്പോൾ ഏകാക്ഷരമായി ചുരുങ്ങിയിരിക്കുന്നു. هم ചേർന്നപ്പോൾ മാറ്റമില്ല എന്നതും ശ്രദ്ധിക്കുക.

ആറ് സർവനാമങ്ങളും ربّ നോട് ചേരുമ്പോൾ ഉണ്ടാകുന്ന മാറ്റം പട്ടികയിൽ നൽകിയിട്ടുണ്ട്.

ഇതേ രൂപത്തിൽ കിതാബ് كِتَابٌ എന്ന പദവും ضمِير നോട് ചേർന്നുവന്ന ആയത്തുകൾ സ്വന്തം നിലക്ക് പഠിക്കുക. ഏകവചനമായ كِتَابٌ ഉം അതിന്റെ ബഹുവചനമായ كُتُبٌ ഉം 261 തവണ ഖുർആനിൽ ആവർത്തിച്ചിട്ടുണ്ട്.

| ...+ربّ | ضمير<br>സർവനാമം | വചനം | അർഥം |
|---|---|---|---|
| رَبٌّ + هُوَ | رَبُّهُ<br>رَبَّهُ / رَبِّهِ | مُفْرَدٌ<br>ഏകവചനം | അവന്റെ റബ്ബ് |
| رَبٌّ + هُمْ | رَبُّهُمْ<br>رَبَّهُمْ / رَبِّهِمْ | جَمْعٌ<br>ബഹുവചനം | അവരുടെ റബ്ബ് |
| رَبٌّ + أَنْتَ | رَبُّكَ<br>رَبَّكَ / رَبِّكَ | مُفرد<br>ഏകവചനം | നിന്റെ റബ്ബ് |
| رَبٌّ + أَنْتُمْ | رَبُّكُمْ | جَمْعٌ<br>ബഹുവചനം | നിങ്ങളുടെ റബ്ബ് |
| رَبٌّ + أَنَا | رَبِّي<br>ചിലപ്പോൾ അവസാനത്തെ ي ഇല്ലാതെ رَبِّ എന്നും ആവാം. | مُفرد<br>ഏകവചനം | എന്റെ റബ്ബ് |
| + نَحْنُ | رَبُّنَا<br>رَبَّنَا / رَبِّنَا | جَمْعٌ<br>ബഹുവചനം | ഞങ്ങളുടെ റബ്ബ് |

كِتَابُهُ (5) كِتَابُكَ (1) كِتَابِي (1)

كِتَابُهُمْ (1) كِتَابُكُمْ (1) كِتَابُنَا (1)

മുകളിലെഴുതിയ ആറ് രൂപങ്ങളിൽ ചിലത് ആയത്തുകളുടെ നമ്പർ സഹിതം താഴെ ചേർക്കുന്നു:

كِتَابَكَ 17:14 , كِتَابَهُمْ 17:71 , كِتَابَهُ 17:71; 69:19, 25; 84:7, 10

كِتَابُنَا 45:29 , كِتَابِي 27:28 , كِتَابَكُمْ 37:157

കിതാബ് ഗ്രന്ഥം, രേഖ, നിയമം, വിധി, മൂലപ്രമാണം, മോചനക്കരാർ എന്നീ അർഥങ്ങളിൽ ഖുർആനിൽ വന്നിട്ടുണ്ട്. أَهْلُ الْكِتَاب എന്നാൽ വേദക്കാർ അഥവാ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും അനുയായികൾ എന്നാണ് ഉദ്ദേശ്യം.

ഇന്നത്തെ പാഠത്തിലൂടെ ചുരുങ്ങിയത് 1261 പദങ്ങൾ കൂടി നാം മനസ്സിലാക്കിയെന്ന് ഓർക്കുക. അല്ലാഹുവിന് സ്തുതി.

abdullah.manham@gmail.com